വികലാംഗർക്ക് സംവരണം

18 (3206) ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സർക്കാർ സർവ്വീസിൽ ക്ലാസ്-2, ക്ലാസ് -4 തസ്തികകളിൽ എത്ര ശതമാനം ജോലികളാണ് വികലാംഗർക്ക് സംവരണം ചെയ്തിട്ടുള്ളത് ;

(ബി) അസ്ഥിസംബന്ധമായ വൈകല്യമുള്ളവർ, ബധിര-മൂകർ, അന്ധർ എന്നിവരെ തുല്യാനുപാതത്തിലാണോ നിയമനം നടത്തുന്നത് ;

(സി) 1998-99 വർഷങ്ങളിൽ എത്ര വികലാംഗരെ സർക്കാർ സർവ്വീസിൽ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്തെ ഏതെങ്കിലും ജില്ലകളിൽ 1998-99 വർഷങ്ങളിൽ നടന്ന സർക്കാർ നിയമനങ്ങളിൽ വികലാംഗസംവരണം നടപ്പിലാക്കാതെ ഉണ്ടോ? എങ്കിൽ കാരണമെന്താണ് ;

(ഇ) ഇടുക്കി ജില്ലയിൽ 1998-1999 വർഷങ്ങളിലേക്ക് എത്ര ഒഴിവുകളാണ് വികലാംഗർക്കുവേണ്ടി നീക്കിവച്ചിട്ടുണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഈ ഒഴിവുകളിലേക്ക് നിയമനങ്ങൾ നടത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സർക്കാർ സർവ്വീസിൽ ക്ലാസ്-3, ക്ലാസ്-4, തസ്തികകളിൽ 3% ജോലികളാണ് വികലാംഗർക്ക് സംവരണം ചെയ്തിട്ടുള്ളത്. ക്ലാസ്-2 തസ്തികകളിൽ സംവരണം ഏർപ്പെടുത്തിയിട്ടില്ല.

(ബി) അതെ

(സി-എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സർക്കാർ നിയമനത്തിൽ വികലാംഗർക്ക് റിസർവേഷൻ

19 (3207) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-ലെ പെഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് ആക്ടിലെ വ്യവസ്ഥ അനുസരിച്ച് ഗവൺമെന്റ് സർവ്വീസിലുള്ള നിയമനത്തിൽ വികലാംഗർക്ക് റിസർവേഷൻ അനുവദിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര ശതമാനം ;

(സി) പി. എസ്. സി. നിയമനത്തിനുള്ള ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഇതനുസരിച്ച് വികലാംഗർക്ക് റിസർവേഷൻ നൽകുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വികലാംഗർക്ക് റിസർവേഷൻ അനുവദിച്ചുകൊണ്ട് സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ ;

(എഫ്) ഇല്ലാത്ത പക്ഷം പി. എസ്. സി. വികലാംർക്ക് റിസർവേഷൻ എപ്രകാരം നൽകുമെന്ന് വിശദീകരിക്കുമോ;

(ജി) 1998-ൽ പി. എസ്. സി. നടത്തിയിട്ടുള്ള നിയമനങ്ങളിൽ വികലാംഗർക്ക് ലഭിക്കേണ്ടിയിരുന്ന റിസർവേഷനിൽ ഏതെല്ലാം കാറ്റഗറിയിലാണ് കുറവ് വരുത്തിയിട്ടുള്ളത് ;

(എച്ച്) ഈ കുറവ് പരിഹരിക്കുന്നതിനായി അവർക്ക് നിയമനം നടക്കേണ്ട സ്ഥാനങ്ങൾ റിസർവ് ചെയ്തുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ ;

(ഐ) ഈ ഉത്തരവ് നടപ്പിലാക്കുവാൻ ജില്ലാ കളക്ടർക്ക് കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ജെ) ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലും ഉണ്ടാകുന്ന വേക്കൻസികളിൽ വികലാംഗരുടെ കാട്ട തികയ്ക്കുന്നതിനുള്ള വേക്കൻസികൾ അവർക്കായി റിസർവ് ചെയ്യുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ-ജെ) 1995-ലെ പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റിസ് ആക്ടിലെ വ്യവസ്ഥയനുസരിച്ച് കേന്ദ്ര പദ്ധതിക്കനുകൂലമായി വർഷംതോറും 153 വികലാംഗർക്ക് സർക്കാർ സർവ്വീസിൽ നേരിട്ടു നിയമനം നൽകുന്ന പദ്ധതി പരിഷ്കരിച്ച് സർക്കാർ സർവ്വീസിൽ വികാലംഗർക്ക് ക്ലാസ്-3, ക്ലാസ്-4 തസ്തികകളിൽ 3% സംവരണം അനുവദിച്ചുകൊണ്ട് 14-7-1998-ൽ ജി.ഒ.(പി).20/98/പി.ആന്റ് എ. ആർ. ഡി ഉത്തരവ് പുറപ്പെടുവിച്ചു. ജില്ലാ കളക്ടർമാർ അദ്ധ്യക്ഷരായുള്ള സെലക്ഷൻ കമ്മിറ്റിയാണ് അതാത് എപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ/ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ് ഹാജരാക്കുന്ന സിനിയോരിറ്റി ലിസ്റ്റിൽ നിന്നും ടെസ്റ്റ്/ഇന്റർവ്യൂ ഇവയുടെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. കമ്മ്യൂണൽ റിസർവേഷനും ഇക്കാര്യത്തിൽ പാലിക്കുന്നുണ്ട്. ഓരോ വർഷവും പി. എസ്. സി. നടത്തുന്ന ക്ലാസ്-3, ക്ലാസ്-4 നിയമനങ്ങളുടെ 3% സർക്കാരിനെ അറിയിക്കുകയും പ്രസ്തുത നിയമനങ്ങളുടെ എണ്ണം 14 ജില്ലകൾക്കായി വീതിച്ച് ഓരോ ജില്ലയിലും നടത്തേണ്ട (ജില്ല തിരിച്ചും, സ്റ്റേറ്റ് അടിസ്ഥാനത്തിലും) നിയമനങ്ങളുടെ വിശദവിവരം അതാതു കളക്ടർമാരെ അറിയിക്കുകയും, അതനുസരിച്ച് വകുപ്പദ്ധ്യക്ഷന്മാർ/നിയമനാധികാരികൾ റിപ്പോർട്ടു ചെയ്യുന്ന ഒഴുവുകളിൽ കളക്ടർമാർ നിയമനം നടത്തുകയും ചെയ്തുവരുന്നു. ഏതെങ്കിലും കാരണവശാൽ ഒരു വർഷത്തെ 3% നിയമനത്തിൽ കുറവു വരുന്നപക്ഷം പ്രസ്തുത കുറവ് അടുത്ത വർഷത്തെ നിയമനങ്ങളിൽ ഉൾപ്പെടുത്തി മുഴുവൻ നിയമനങ്ങളും നടത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 14-7-1998-ലെ 3% റിസർവേഷൻ ഉത്തരവ് പ്രാബല്യത്തിൽ വന്നശേഷം 1998-ലും 1999-ലും നടത്തേണ്ട നിയമനങ്ങളുടെ വിശദ വിവരങ്ങളടങ്ങിയ ഉത്തരവ് 29-3-1999-ലും 16-8-1999-ലും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ പ്രകാരമുള്ള 3% നിയമനങ്ങളുടെ സുഗമമായ നടത്തിപ്പിന് ഓരോ വകുപ്പിലുമുണ്ടാകുന്ന ഒഴിവുകൾ അതാതു ജില്ലാ കളക്ടർമാർ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെടുമ്പോൾ ഉടനടി റിപ്പോർട്ടു ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് 5-10-1999-ൽ 8172/സി1/99/പി. ആന്റ് എ. ആർ. ഡി. നമ്പർ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമനം നടത്തുന്നതിൽ വരുന്ന കാലതാമസം

20 (3208) ശ്രീ. എൻ. കണ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം തയ്യാറാക്കുന്ന പി. എസ്. സി. ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിൽ വരുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പി. എസ്. സി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമനത്തിന് തയ്യാറായിട്ടുള്ള നിലവിലുള്ള ലിസ്റ്റുകൾ ഏതെല്ലാം ;

(സി) ഈ ലിസ്റ്റുകളിൽ നിന്ന് എത്രപേരെ ഇതുവരെ നിയമിച്ചിട്ടുണ്ട് ;

(ഡി) ഈ ജില്ലകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമനത്തിന് പി. എസ്. സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കി ഒരു വർഷം കഴിഞ്ഞിട്ടും ഒരാളെപ്പോലും നിയമിക്കാത്ത എത്ര ലിസ്റ്റുകൾ ഉണ്ട് ;

(ഇ) സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമനങ്ങൾ മനഃപൂർവ്വം വച്ച് താമസിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്പെഷ്യൽ റിക്രൂട്ട്മെന്റ് റാങ്ക്ലിസ്റ്റിൽ ഉൾപ്പെടെ ചില ഉദ്യോഗാർത്ഥികളിൽ നിന്നും പരാതികൾ ലഭിക്കാറുണ്ട്.

(ബി) അനുബന്ധമായി വച്ചിട്ടുണ്ട്.*

(സി & ഡി) ഒന്നുംതന്നെ ഇല്ല.

(ഇ) നിയമനങ്ങൾ മനഃപൂർവ്വം വച്ച് താമസിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തീരദേശപരിപാലന നിയമം

21 (3209) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശപരിപാലന നിയമത്തിൽ ഇളവുകൾ നേടി എടുക്കാൻ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊണ്ട് എന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly